**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2694** — **17.10.2016-ൽ മറുപടിക്ക്**

## ജിഷ വധക്കേസ്

**ചോദ്യം**
**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**
**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) ജിഷ വധക്കേസിൽ ആദ്യ അന്വേഷണ സംഘം വരുത്തിയെന്ന് പറയപ്പെടുന്ന പിഴവുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(എ) വീഴ്ചകൾ വരുത്തിയതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയ പോലീസ് ഉദ്യോഗസ്ഥരെ മാറ്റി പുതിയ അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തുകയാണ് ചെയ്തത്.

(ബി) പിന്നീട് നിയോഗിക്കപ്പെട്ട അന്വേഷണ-സംഘം കേസ് ചാർജ്ജ് ചെയ്യുന്നതിന് മുമ്പായി ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് കോടതിയിൽ നൽകിയിരുന്നോ;

(ബി) എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നതിലുണ്ടായ കാലതാമസത്തിനും മറ്റും ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) കേസ് ചാർജ്ജ് ചെയ്തപ്പോൾ ആദ്യസംഘം കണ്ടെത്തിയ എത്ര തെളിവുകൾ കുറ്റപത്രത്തിൽ ഉൾപ്പെടുത്തി;

(സി) അന്വേഷണം എന്നത് ഒരു തുടർച്ചയായ നടപടിക്രമമാണ്. അന്വേഷണമധ്യേ ശേഖരിക്കുന്ന തെളിവുകൾ കൂട്ടിയിണക്കിയാണ് കുറ്റപത്രം സമർപ്പിക്കുന്നത്. ഈ കേസിൽ അന്വേഷണമധ്യേ ശേഖരിച്ച എല്ലാ തെളിവുകളും ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ഡി) കുറ്റപത്രത്തിന്റെ കൂടെ SC/ST (Prevention of Atrocities) Act പ്രകാരമുള്ള വീഡിയോ റിക്കാർഡിംഗ് നൽകിയിട്ടുണ്ടോ;

(ഡി) ഇല്ല.

(ഇ) ആദ്യ അന്വേഷണ സംഘം തയ്യാറാക്കുകയും കണ്ടെത്തുകയും ചെയ്ത ഡി.എൻ.എ., ചെരുപ്പിലെ ഡി.എൻ.എ., കത്തി, ഛായാചിത്രം എന്നിവ ഒഴിവാക്കിയാണോ കുറ്റപത്രം സമർപ്പിച്ചത് ; വിശദമാക്കുമോ?

(ഇ) കണ്ടെത്തിയിട്ടുള്ള മുഴുവൻ ശാസ്ത്രീയ തെളിവുകളും ഉൾപ്പെടുത്തിയാണ് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**